"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - ശ്രീ.മുഹമ്മദ്കുട്ടി പി.കെ.യുടെ പേരിലുള്ള 69/2015-17, 69/2015-40, 42/2017-36 എന്നീ ചിട്ടി അക്കൗണ്ടുകളിലെ ബാധ്യത തുകയായ 7,15,000/- രൂപ എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.276/2025/TAXES തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:- കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 18/10/2024 തീയതിയിലെ RR/1151/24-25 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.മുഹമ്മദ് കുട്ടി പി.കെ വെള്ളാർമല വില്ലേജിലെ പുതുമലയിൽ കൃഷി ഉപജീവനമാർഗ്ഗമായി ജീവിച്ചുവരവെ മേപ്പാടി കെ.എസ്.എഫ്.ഇ യിൽ 3 ചിട്ടികൾ ചേരുകയും അത് വിളിച്ചെടുത്ത് കൃഷി ഇറക്കുകയും, എന്നാൽ 08.08.2019-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ഭൂമിയും വീടും പൂർണ്ണമായും നഷ്ടപ്പെട്ടതുകൊണ്ട് ചിട്ടിയും വായ്പയും അടയ്ക്കുവാൻ കഴിയാതെ വരികയും, എല്ലാം നഷ്ടപ്പെട്ടതുമൂലം കുടിശ്ശിക തീർക്കുന്നതിൽ മറ്റ് യാതൊരു വരുമാനമാർഗവുമില്ലെന്നും, ബാധ്യതയിൽ നിന്ന് ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി മുൻപാകെ PLP(D) 289/2024 നമ്പർ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽപ്പറയുന്ന കാര്യങ്ങൾ വാസ്തവമാണെന്നും, കെ.എസ്. എഫ്.ഇ-യിൽ ജാമ്യമായി നൽകിയിട്ടുള്ള വസ്തുവും, ഇദ്ദേഹം താമസിക്കുന്ന വീടും 08.08.2019 ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ പൂർണ്ണമായും നശിച്ചു പോയിട്ടുള്ളതാണെന്ന് കെ.എസ്.എഫ്.ഇ മേപ്പാടി ശാഖാമാനേജർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 10.09.2024 തീയതിയിൽ നടന്ന കമ്പനി ഡയറക്ടർ ബോർഡ് യോഗത്തിൽ ടി വിഷയം പ്രത്യേകമായി പരിഗണിക്കുകയും മേൽ അക്കൗണ്ടിലെ കുടിശ്ശിക സർക്കാരിന്റെ അനുമതിക്ക് വിധേയമായി എഴുതിത്തള്ളുന്നതിനു പ്രസ്തുത യോഗം

തീരുമാനിച്ചതായും മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. പരാമർശം പ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, മേപ്പാടി ശാഖയിൽ ശ്രീ.മുഹമ്മദ്കുട്ടി പി.കെ.യുടെ പേരിലുള്ള 69/2015-17, 69/2015-40, 42/2017-36 എന്നീ ചിട്ടി അക്കൗണ്ടുകളിലെ മൊത്തം ബാധ്യത തുകയായ 7,15,000/- രൂപ പൂർണ്ണമായും ഒഴിവാക്കി അക്കൗണ്ട് അവസാനിപ്പിക്കുന്നതിനായി സർക്കാർ അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് കുട്ടി കെ.എസ്.എഫ്.ഇ-യിൽ ജാമ്യമായി നൽകിയിട്ടുള്ള വസ്തുവും ഇദ്ദേഹം താമസിക്കുന്ന വീടും 08.08.2019 ലുണ്ടായ ഉരുൾപ്പൊട്ടലിൽ പൂർണ്ണമായും നശിച്ചു പോയിട്ടുള്ളതാണെന്ന് കെ.എസ്.എഫ്.ഇ മേപ്പാടി ശാഖാമാനേജർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും, മേൽ വിഷയം ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പരിഗണനയിലുള്ളതുമായതിനാലും, കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടി വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ.മുഹമ്മദ്കുട്ടി പി.കെ.യുടെ പേരിലുള്ള 7,15,000/- (ഏഴ് ലക്ഷത്തി പതിനഞ്ചായിരം രൂപ) രൂപയുടെ ബാധ്യത, വായ്പ/ചിട്ടി കുടിശ്ശിക/ബാധ്യത എഴുതിത്തള്ളുന്നത് ഒരു കീഴ്വഴക്കം ആക്കരുതെന്ന വ്യവസ്ഥയിൽ, എഴുതിത്തള്ളുന്നതിനുള്ള അനുമതി കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വന്ദന എസ് കെ എ എസ്

അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ., തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/407/2023-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 24-03-2025 16:51:27

സെക്ഷൻ ഓഫീസർ